(എഫ്) എൽ.പി., യു.പി. സെക്കന്ററി എന്നീ ഘട്ടങ്ങൾ യഥാക്രമം രണ്ടു മുതൽ അഞ്ചുവരെയും ആറു മുതൽ എട്ടു വരെയും ഒൻപത്, പത്ത് എന്നീ ക്ലാസ്സു വരെയും ആക്കി പുനഃക്രമീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ വിദ്യാഭ്യാസ നയത്തിനുള്ളിൽ നിന്നുകൊണ്ട് വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കാൻ സംസ്ഥാന ഗവൺമെന്റുകൾക്ക് അവകാശം ഉള്ള കാര്യത്തിൽ സർക്കാരിനെ ഉപദേശിക്കാൻ കരിക്കുലം കമ്മിറ്റി പ്രവർത്തിക്കുന്നു.

(സി) സമീപന രേഖയിൽ ആറു വയസ്സാണ് അഭിലഷണീയമെന്നു പറയുന്നുണ്ടെങ്കിലും നിലവിലുള്ള പ്രവേശന പ്രായപരിധി ഉയർത്തുവാൻ തൽക്കാലം ഉദ്ദേശമില്ല.

(ഡി&ഇ) വിവിധ ഘട്ടങ്ങളിലെ പ്രവേശനപ്രായം മാറ്റണമെന്ന നിർദ്ദേശത്തിന്മേൽ വിശദമായ ചർച്ചകൾക്കു ശേഷമേ തീരുമാനമെടുക്കുകയുള്ളൂ.

(എഫ്) ഭരണപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തിയ ശേഷമേ ഈ നിർദ്ദേശം നടപ്പിലാക്കാൻ ആവുകയുള്ളൂ.

ഏരിയാ ഇന്റെൻസീവ് പ്രോഗ്രാമനുസരിച്ച് നടത്തപ്പെടുന്ന സ്കൂളുകൾക്ക് ഗ്രാന്റ് അനുവദിക്കാൻ നടപടി

24 (1237) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഏരിയാ ഇന്റെൻസീവ് പ്രോഗ്രാം" അനുസരിച്ച് ലഭിക്കുന്ന ഗ്രാന്റ് ഉപയോഗിച്ച് സ്കൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ള മാനേജുമെന്റുകൾ സ്കൂളുകൾ നടത്തുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇത്തരം സ്കൂളുകൾ എയിഡഡ് സ്കൂളുകളായി ഉയർത്താൻ നടപടി കൈക്കൊള്ളുമോ ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) 1999-2000 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക ഈയിനത്തിൽ ലഭിച്ചു ;

(ഡി) ഇവ വിതരണം നടത്തിയോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വിതരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള സ്കൂളുകൾ എയിഡഡ് സ്കൂളുകളായി ഉയർത്തുക വഴി ഗവൺമെന്റിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയുടെ മാർഗ്ഗരേഖകൾ പ്രകാരം പ്രത്യേക ഗ്രാന്റിന് വ്യവസ്ഥയില്ല.

(സി) 1999-2000-ൽ ഗ്രാന്റ് ഒന്നും ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്ന പദ്ധതി

25 (1238) ശ്രീ. പി. ജെ. ജോയി :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രംഘവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി എന്തെന്ന് വിശദീകരിക്കുമോ ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് എന്തെല്ലാം ഭക്ഷ്യവസ്തുക്കൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ഗവൺമെന്റ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഉച്ചക്കഞ്ഞി പദ്ധതിയിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1 മുതൽ 5 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം ഉറപ്പു വരുത്തുന്നതിനുള്ള സമഗ്ര ദേശീയ പോഷകാഹാര വിതരണ പദ്ധതിയാണിത്.

(ബി) ഒരു കുട്ടിക്ക് 100 ഗ്രാം എന്ന തോതിൽ അരി മാത്രമേ ഭക്ഷ്യ വസ്തുവായി ലഭിക്കുന്നുള്ളൂ.

(സി) കേന്ദ്രപദ്ധതി നിലവിൽ വരുന്നതിനുമുൻപായി സംസ്ഥാനത്ത് നിലനിന്നിരുന്ന ഉച്ചഭക്ഷണ പരിപാടിക്കനുസൃതമായി ചില വ്യത്യാസം വരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഇൻഡ്യ ഗവൺമെന്റ് പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സംസ്ഥാനത്തെ ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതി നിലനിന്നിരുന്നു. ടി. പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് 60 ഗ്രാം അരിയും 30 ഗ്രാം പയറും ചേർത്ത് പാകം ചെയ്ത ഭക്ഷണമാണ് നൽകിയിരുന്നത്. ടി. പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ ഇൻഡ്യാഗവൺമെന്റ് തരുന്ന 100 ഗ്രാം അരിയിൽ നിന്നും 60 ഗ്രാം അരിയും സംസ്ഥാനത്തെ ഗവൺമെന്റ് വിഹിതമായ പോഷകമൂല്യം കൂടുതലുള്ള 30 ഗ്രാം പയറും ചേർത്ത് പാകം ചെയ്ത ഭക്ഷണം

LIBRARY ARCHIVES Kerala Legislative Assembly